**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2109** **09-02-2023 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാൻറ് ശ്രവണ സഹായ ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശ്രുതി മധുരം, കാതോരം, ഐ.എഫ്.എം.എ. എന്നീ പദ്ധതികൾ പ്രകാരം കോക്ലിയർ ഇംപ്ലാൻറ് ശസ്ത്രക്രിയ ചെയ്തിട്ടുള്ള കുട്ടികളുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ച് ഉപയോഗിക്കുവാൻ കഴിയാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 14.02.2020- തീയതിയിലെ സ.ഉ.(ആർ.ടി) നം. 79/2020/സാ.നീ.വ പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ കേടുപാടുകൾ സംഭവിച്ച ശ്രവണ സഹായ ഉപകരണങ്ങൾക്കു പകരം പുതിയ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും സ്പീച് പ്രോസസ്സർ സർവീസ് ചെയ്തു നൽകുന്നതിനുമായി മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ശ്രവണ സഹായികളുടെ കേടുപാടുകൾ പരിഹരിച്ചു നൽകുന്നു. ടി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.<br>2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.<br>3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.<br>4. കേരളത്തിലുള്ളവരായിരിക്കണം.<br>5. നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.<br>6. ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.<br>7. വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവിലുണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.<br>8. ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേടു കൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ തന്നെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 9. ഒരു തവണ മെയിന്റനൻസിന്റെ ആനുകൂല്യം ലഭിച്ചു കഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും മെയിന്റനൻസിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.. |
| (ബി) | ശ്രവണ സഹായ ഉപകരണങ്ങളുടെ ഗുണമേന്മ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; തകരാറിലായ ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾ അവരുടെ നിർമ്മാണവും വിതരണവും നിർത്തിയത് മൂലം ഗുണഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 28/09/17 തീയതിയിലെ സ.ഉ (എം.എസ്)നം. 640/17/ സാനീവ ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് രക്ഷിതാക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സു വരെയുള്ളവർക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനുള്ള ധ്വനി പദ്ധതി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കി വരുന്നു. പ്രസ്തുത ഉപകരണങ്ങളുടെ ഗുണമേന്മ ടെണ്ടർ വേളയിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. മേൽ പദ്ധതി പ്രകാരം സ്പീച് പ്രോസസ്സർ വാറന്റി കഴിയുന്ന മുറക്ക് ഗുണഭോക്താക്കൾക്ക് സൗജന്യമായി പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുന്നുണ്ട്. |
| (സി) | ഐ.എഫ്.എം.എ. പ്രകാരം സർജറി ചെയ്തിട്ടുള്ളവരുടെ ഇംപ്ലാന്റ് ഒഴികെ ബാഹ്യമായി ഘടിപ്പിക്കുന്ന ശ്രവണ സഹായ ഉപകരണങ്ങൾ കേടായത് കാരണമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | കേടാകുന്ന ശ്രവണ സഹായികൾക്ക് പകരം പൊതുവിപണിയിൽ നിന്നും ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും അർഹതയുള്ളവർക്ക് ആയതിന് മെഡിക്കൽ റീംബേഴ്സ്മെന്റ് അനുവദിയ്ക്കുന്നതിനുള്ള ഉത്തരവും പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ